little KITEs

2021-2022

ജോസഫൈൻ. കോം

BE INSPIRED...TO INSPIRE...

St.Joseph's G.H.S.Chengal

little
KITEs
St.Joseph's G.H.S Chengal
PRESENTS

Welcome

ജോസഫൈൻ.കോം

സെന്റ് ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ആദിശങ്കരന്റെ ജന്മംകൊണ്ട് ലോകം മുഴുവൻ
പ്രസിദ്ധമായ
കാലടിയുടെ ഹൃദയഭാഗത്ത് വി.ചാവറ പിതാവിന്റെ
ദീർഘവീക്ഷണത്തിൽ രൂപീകൃതവും സി.എം.സി
സിസ്റ്റേഴ്സിന്റെ പരിലാളനത്താൽ പടർന്ന്
പന്തലിച്ചതുമായ
ഞങ്ങളുടെ സ്കൂൾ.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

സെന്റ് ജോസഫ്സ് സ്കൂളിന്റെ വഴികാട്ടിയും സംരക്ഷകനുമായ വി. ഔസേപ്പിതാവേ.....

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

VISION

IS TO BRING FORTH INTELLECTUALLY CREATIVE EMOTIONALLY MATURE MORALLY RESPONSIBLE SPIRITUALLY EN-LIGHTED SOCIALLY COMMITTED & TRULY LIBERATED YOUNGSTERS, ESPECIALLY GIRLS THE FUTURE MOTHERS, WHO PLAY A VITAL ROLE FOR THE TRANSFORMATION OF SOCIETY AND NATION

MISSION

TO PROMPT THE STUDENTS TO BE
PHYSICALLY
MENTALLY
SPIRITUALLY
SOCIALLY
CULTURALLY &
AESTHETICALLY
MATURED THROUGH EDUCATION.

ജോസഫൈൻ.കോം

സെന്റ് ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2021-22

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

എഡിറ്റോറിയൽ അംഗങ്ങൾ

ചീഫ് എഡിറ്റർ: ദിയ ഫാത്തിമ

സബ് എഡിറ്റേഴ്സ്:

നസ്ലഹ വി. എ

ബി. ലക്ഷ്മി പാർവതി

ആഷ്ന വേണു

ഉള്ളടക്കം

- ആശംസ
- Albert Einstein
- Five ways to be a different person
- അടിമ
- Covid 19
- എ. പി. ജെ. അബ്ദുൽ കലാം
- പ്രതിപതരംഗ് 2K 21
- അക്വാ ഫോണിക്സ്
- യൂണിഫോം ചലഞ്ച്
- സെന്റ് ജോസഫ്സ് ചെങ്ങൽ സർഗം 2K 21
- കർഷക ദിനചാരണം
- പരിസ്ഥിതി ദിനം
- കൊറോണ - ഇവനാര്?
- വായന വാരാഘോഷം
- കൂടൊരുക്കാം കൂട്ടുകാരികൾക്ക്
- The nature is really elegant
- Covid memories
- ലിറ്റിൽ
- വനിതാദിനം
- Biology quiz
- Covid -19(Fun Fact)
- Interesting facts
- വീടരങ്ങ്
- സാഹിത്യോത്സവ് 2K 21
- ആദരാഞ്ജലികൾ
- വാർഷികാഘോഷം.. യാത്രയയപ്പ് ....

- ജൂനിയർ റെഡിക്രോസ്സ്
- ഗൈഡ്സ്
- വിചിത്രം മലയാളികൾക്ക് മലയാളം
- കരിമഷി
- Interesting facts about animals
- ലോക ഓസോൺ ദിനം
- അധ്യാപക ദിനം
- മധുര സ്മരണകൾ
- യോഗ ദിനം
- സ്വതന്ത്ര ദിനം
- ഓണം
- കടലാസ് പൂവുകൾ
- യാത്രാമൊഴി
- അഭിനന്ദനങ്ങൾ
- FATHER OF THE NATION
- കൃതജ്ഞത
- നന്ദി

ജോസഫൈൻ.കോം

Life rising again...

Its long long long.... After a lots and lots of waiting we are finally at school. The covid 19 pandemic locked us in the house. Now we are free.... I was stuck in the house for more than a year due to the covid pandemic. I was pushing and moving the time. It was quite boring and frustrating. And finally one day the government announced that the schools are reopening. I felt like a thousands of rose flowers bloomed in my heart. I was very much delighted hearing the news which I was waiting for long. We met our old and new friends. Most of them changed a lot. They grew bigger than before. I realised the rapid growth of teenage. When I reached school I realised that our grades were a little backwards. Then class tests were held and revision was started which was a milestone for our improvement, not only me but also my classmates. Now everything is going well. We received vaccine. I pray the deadliest covid 19 to get away soon from earth. Now both the batches have joined together. And we are having a good time. We won't allow any disaster to steal the most precious moments from our life. Our most memorable "school life"....

സെന്റ്. ജോസഫ്സ് ജി.എച്ച്.എ

മുഖ

മുഖമൊഴി

പ്രിയപ്പെട്ടവരെ,

111-ാമത്തെ വയസ്സിന്റെ
നിറവിലായിരിക്കുന്ന അക്ഷര മുത്തശ്ശിയാണ്
ഞങ്ങളുടെ വിദ്യാലയമായ സെന്റ് ജോസഫ്സ്
ജി.എച്ച്.എസ് ചെങ്ങൽ.
2021-2022 അദ്ധ്യായന വർഷത്തിലെ
പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ
ഉൾക്കൊള്ളിച്ചു കൊണ്ട് ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനാണ്
"ജോസഫൈൻ.കോം"
പഠനത്തിനപ്പുറം പാഠ്യേതര പ്രവർത്തനങ്ങളിലും
മുന്നേറി നില്ക്കുന്ന ഈ ഉത്തമ ഗുരു കുലത്തിന്റെ
അകത്തളങ്ങളിലേക്ക് നിങ്ങളെ
സ്വാഗതം ചെയ്യുകയാണ് "ജോസഫൈൻ.കോം".

സ്നേഹപൂർവ്വംഎഡിറ്റർ
ദിയ ഫാത്തിമ

Message

I would like to congratulate the team of "Josephine.com" for having brought out marvellous E-School Magazine. Even during this pandemic Covid 19, students and teachers who devoted to work behind it deserve special accolades for this novel venture. Albert Einstein says "Imagination is more important than knowledge. For knowledge is limited to all we know and understand, while imagination embraces the entire world. May your vibrant thinking and promoted innovation provide you an expanded horizon for boundless inspiration and enlightenments....

Sr. Annie Joe

Educational counsellor

ആശംസ

കോവിഡ് നമ്മെ ഓരോരുത്തരെയും പലവിധത്തിൽ കഷ്ടപ്പെടുത്തി. പക്ഷേ മറ്റൊരു വശത്തു നിന്ന് വീക്ഷിക്കുമ്പോൾ കോവിഡ് ഒരു അനുഹമായിരുന്നു. നമ്മയെല്ലാവരേയും ഡിജിറ്റൽ ലോകത്തിലേക്ക് കൈപിടിച്ച് നടത്തിയ കാലം. ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കുന്ന ജോസഫൈൻ. കോം എന്ന ഡിജിറ്റൽ മാഗസിൻ അനേകം ജീവിതങ്ങൾക്ക് പ്രചോദനമാകട്ടെ... നിങ്ങളുടെ സർഗാത്മക കഴിവുകൾക്ക് നിറം പകരുവാനുള്ള ഒരു വേദിയായി ഇത് തീരട്ടെ. എല്ലാവർക്കും എല്ലാവിധ വിജയങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു....

സിസ്റ്റർ. റാണി ഗ്രേസ്
ലോക്കൽ മാനേജർ

ആശംസ

വിദ്യാഭ്യാസരംഗത്ത് നിസ്വാർത്ഥമായ കഠിനാധ്വാനത്തിലൂടെ ഉയരങ്ങൾ കീഴടക്കിയ സെന്റ് ജോസഫ് ഹൈസ്കൂൾ തുടങ്ങുന്ന ജോസഫൈൻ.കോം എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ കലാസാഹിത്യ പരിപോഷണത്തിന് ഒരു മുതൽക്കൂട്ടായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ഗ്രെയ്സി ദയാനന്ദൻ
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

MESSAGE: HEAD MISTRESS

With profound pleasure we are publishing a new magazine Josephine.com by little kites members. My heartfelt congratulations to all those who worked together to put up the magazine. Little kites IT club is a unique initiative of KITE, which feats over 1 lakh student numbers. It is set to become the longest student's IT network in the country. The main objective of the club is to encourage the natural interest of students in IT field and to create a culture for appropriate usage of Technology and Software. I am very much proud of you little kites members for flourishing with the opportunities.

Once again I congratulate you for the attempt to discover the hidden Treasure in young minds in IT field. All my wishes and prayers for the success.

Sr. Prima
Headmistress

ആശംസ

കോവിഡ് എന്ന മഹാമാരിയുടെ പിടിയിൽനിന്ന് ലോകം ഇന്നും മുക്തമായിട്ടില്ല. വെറും സോപ്പുവെള്ളത്തിൽ പോലും ദഹിച്ച് ഇല്ലാതെയാകുന്ന ഈ കുഞ്ഞൻ വൈറസിന്റെ ഏറിയും കുറഞ്ഞും ഉള്ള നടന താളത്തിനനുസരിച്ച് തന്നെയാണ് ഇന്നും ലോകം മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. നഷ്ടങ്ങളുടെ കണക്കാണ് എവിടെയും. തൊഴിൽ നഷ്ടപ്പെട്ടവർ, ജീവനോപാധികൾ നഷ്ടപ്പെട്ടവർ, ജീവിത ചെലവും വരുമാനവും തമ്മിൽ പൊരുത്തപ്പെടാനാകാതെ നട്ടംതിരിയുന്നവർ... അതെ കോവിഡിന്റെ ദുരിതങ്ങളാണ് എവിടെയും. ഈ ദുരിതക്കടലിൽ നട്ടം തിരിയുമ്പോഴും ഒത്തുങ്ങി ജീവിക്കാൻ, ഏത് അവസ്ഥയെയും നിവർന്നുനിന്നു നേരിടാൻ ലോക മനുഷ്യൻ പഠിച്ചുകഴിഞ്ഞു. ഒരു തരത്തിൽ നിലനിൽപിനുള്ള പോരാട്ടത്തിന്റെ കേളികൊട്ട് ആണ് ലോകമെങ്ങും മുഴങ്ങുന്നത്. അതെ ഇക്കാലവും കടന്നുപോകും, നാം അതിജീവിക്കുക തന്നെ ചെയ്യും. ജോസഫൈൻ.കോം എന്ന പേരിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ പഠന മികവും, സർഗാത്മകതയും പരിപോഷിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് PTA യുടെ എല്ലാ നന്മകളും വിജയാശംസകളും നേരുന്നു.....

ഡേവിസ് അയ്നാടൻ (PTA പ്രസിഡന്റ്)

ആശംസ

വിജ്ഞാന വിസ്ഫോടനത്തിന്റെ ഇന്നത്തെ കാലഘട്ടത്തിൽ വിവര സാങ്കേതിക വിദ്യയുടെ നവസാധ്യതകളെ പ്രയോജനപ്പെടുത്തി അറിവുകളെ തിരിച്ചറിവുകളാക്കി സമൂഹത്തിലേക്ക് പകർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

സർഗവാസനകളെ അക്ഷര വായനകൾക്കപ്പുറമുള്ള വിസ്മയ കാഴ്ചകളിലേക്ക്.... വർണ വരകളിലേക്ക്... മനസ്സിന്റെ താളങ്ങളിലേക്ക് .... ഡിജിറ്റൽ മാഗസിനിലേക്ക് ..... രൂപപ്പെടുത്തുന്നതിനുള്ള ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ എല്ലാവിധ ക്രിയാത്മക പ്രവർത്തനങ്ങൾക്ക് ഭാവുകങ്ങളും അഭിനന്ദനങ്ങളും....

കൈറ്റ് മാസ്റ്റേർസ്,
ഷൈജി ജോസഫ്
സി. ആൻ ശാന്തിനി

ജോസഫൈൻ.കോം

ALBERT EINSTEIN

"The true sign of intelligence is not knowledge but imagination"

"Failure is, success in progress.
A person who never made a mistake never tried anything new."

"Once you stop learning you start dying"



സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

Five ways to be a different person

1) Don't let anyone to be your happiness. Because, no one is there forever.

2) Don't be someone who imitate others. Be that one who others imitate.

3) Never let anyone to control your life. Because, no one knows your life better than you.

4) Whenever you feel lost or yourself as a failure, remember that there is nothing more painful than death.

5) Admire a sun than a moon. Because a sunlight is far better than a moonlight.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

അടിമ

അൽക ബിനു
9

ബന്ധിതയായൊരു പക്ഷിതൻ രോദനം
കാനനം നീളെ അലച്ചിടുന്നു
മർത്യനു കൗതുക കാഴ്ചയായ് മാറുവാൻ
വലയിൽ പതിച്ചവൾ ഭാഗ്യഹീന

വേടന്റെ കൈയ്യിലെ കൂട്ടിലേക്കാ കിളി
നിർദയം തള്ളി അണച്ചിടുമ്പോൾ
കണ്ണീർ പൊഴിക്കുവാൻ മാത്രം വിധിച്ചൊരാ
കാടിന്റെ നൊമ്പരം ആരുകാണാൻ

കാഞ്ചന കിണ്ണത്തിൽ പാലും പഴങ്ങളും
നീട്ടിയ മർത്യന്റെ കൗതുകത്തിൻ
കാഴ്ചവസ്തുക്കളായ് മാറുമീ പറവകൾ
പരതന്ത്ര്യത്തിൻ തമസ്സിൽ പതിച്ചവർ

ഉയരെപ്പറക്കുവാൻ മോഹിച്ചൊരാകിളി
കമ്പിയിൽ തലതല്ലി വീണിടുന്നു
കൊത്തിപ്പെറുക്കി യഥേഷ്ടം നടക്കുവാനാ-
കുമോ ഇനിയുള്ള ജീവിതത്തിൽ

പാത്രത്തിൽ വെള്ളം കുടിച്ചിടുമ്പോഴവൾ
പൂഴകൾ തൻ കളനാദം ഓർത്തിടുന്നു
മഞ്ഞിൻ തണുപ്പിൽ വിറച്ചിടും നേരമാ
മാമരത്തണലും കൊതിച്ചിടുന്നു
മേനിയഴകിൽ മദിച്ചു നടന്നൊരാ-
ക്കാലങ്ങളൊക്കെയും പോയ് മറഞ്ഞു
രൂപലാവണ്യത്തിനാരെ പഴിക്കണ-
മെന്നോർത്തു കൊണ്ടവൾ കേണിടുന്നു

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

COVID-19

Once in the world, beautiful world
There comes a virus
Harmful virus, tiny virus
Spreading virus, deadly virus

Made the world:
Smiling World to sad world,
Happy world to weeping world,
Running world to sleeping world,
But make the society
Clean and tidy

Give a way to protect our life
By wearing mask, washing hands
Keeping distance, cleaning surroundings
Helping people who is suffering

Pray for patients policemen
Doctors and health workers
Pray to God for letting away
This harmful virus, naughty virus,
Ugly virus, tiny virus

And to make the world:
Running world, loving world,
Unity world, and beautiful world...

Lakshmi Pradeep, 9

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

എ.പി.ജെ അബ്ദുൽ കലാം

മലയാള സാഹിത്യത്തിലെ പ്രശസ്ത എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായിരുന്ന പ്രൊഫസർ എസ്.ശിവദാസിന്റെ രചനയാണ് അബ്ദുൽ കലാമിന്റെ ജീവചരിത്രം.
പള്ളിയറ ശ്രീധരനാണ് ഈ പുസ്തകത്തിന് ആമുഖം തയ്യാറാക്കിയത്. സ്വപ്നത്തിന്റെ ചിറകിലേറി സഞ്ചരിക്കാൻ കുട്ടികൾക്കു പ്രചോദനം നൽകിയ മഹാത്മാവായിരുന്നു എ.പി.ജെ. അബ്ദുൽ കലാം. പരാജയങ്ങൾ വിജയത്തിന്റെ ചവിട്ടുപടികളാണെന്ന് അദ്ദേഹത്തിന്റെ ചില ഉദ്യമങ്ങൾ കാണിച്ചുതരുന്നു. പതിനൊന്നു ഭാഗങ്ങളായാണ് ഈ പുസ്തകത്തെ തിരിച്ചിരിക്കുന്നത്.
ഇതിൽ ജനനവും ബാല്യകാലവും പഠനവും ഉപരിപഠനവും റോക്കറ്റ് വിക്ഷേപനവുമെല്ലാം വ്യത്യസ്ത ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകം തുടങ്ങുന്നതുതന്നെ ഷിലർ എന്ന മഹാനായ തത്വശാസ്ത്രജ്ഞന്റെ ഒരു കഥയുടെയോപ്പമാണ്. അതായത്, ദൈവം സൃഷ്ടിച്ച പക്ഷികൾക്കു ചിറകു ലഭിച്ച കഥ. നമുക്ക് ലഭിച്ചിരിക്കുന്ന കഴിവുകൊണ്ട് ഉന്നതവിജയങ്ങളിലെത്തണം എന്ന സന്ദേശമാണ് ഈ കഥ നൽകുന്നത്.
അസാധ്യമായ ഒന്നില്ല എന്ന സന്ദേശം തന്റെ ജീവിതത്തിലൂടെ കോടാനുകോടി ജനങ്ങൾക്കു തെളിയിച്ചുകൊടുത്ത സ്വപ്നങ്ങളുടെ രാജകുമാരനായ കലാം കുട്ടികളെയും സ്വപ്നം കാണാൻ പഠിപ്പിച്ചു. നല്ല അറിവുള്ള ഗുരുക്കന്മാരും ആത്മാർത്ഥതയുള്ള ചങ്ങാതികളും അദ്ദേഹത്തിന് ലഭിച്ച വലിയ അനുഗ്രഹമാണ്.അതിനു പറ്റിയ ഉദാഹരണമാണ് പ്രൊഫസർ ശ്രീനിവാസൻ.

അസാധ്യമായ സമയപരിധിയിൽ ക്ലേശകരമായ പ്രവർത്തികൾ ചെയ്തു വിജയിപ്പിക്കേണ്ടി വരുമെന്ന സന്ദേശം ജീവിത ഗുരുവാകുന്ന അനുഭവത്തിൽ നിന്നും അദ്ദേഹത്തിന് മനസ്സിലാക്കി കൊടുത്തു. "ആദ്യവിജയത്തിന് ശേഷം വിശ്രമിക്കരുത്. കാരണം, രണ്ടാമത്തേതിൽ നിങ്ങൾ പരാജയപ്പെട്ടാൽ ആദ്യവിജയം ഭാഗ്യം കൊണ്ടാണെന്ന് പറയാൻ ഒട്ടേറെ ചുണ്ടുകളുണ്ടാകും."കലാമിന്റെ എത്ര സത്യമായ വാക്കുകൾ!!!എനിക്കും നേരിടേണ്ടി വന്ന ജീവിതപാഠം.

അങ്ങനെ ആ സ്വപ്നരാജകുമാരൻ ഇന്ത്യയുടെ പ്രസിഡന്റ്, എസ്.എൽ. വി 3 -ന്റെ ഡയറക്ടർ, റോക്കറ്റ് വിക്ഷേപണം തുടങ്ങിയ നിരവധി നേട്ടങ്ങൾ..... ഒടുവിൽ തന്റെ ആഗ്രഹം പോലെ ഷില്ലോങ്ങിൽ കുട്ടികളോട് പ്രസംഗിക്കുന്നതിനിടെ മരണം.അങ്ങനെ സ്നേഹസമ്പന്നനും,കഠിനാധ്വാനിയുമായ രാജ്യപുത്രൻ 2015-ൽ എന്നെന്നേക്കുമായി യാത്രയായി.

ബി ലക്ഷ്മി പാർവതി 9

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

പ്രതിഭാതരംഗ് 2 k21

വലിയ സ്വപ്നങ്ങളുടെ ചിറകുകൾ ആത്മാവിൽ തുന്നിചേർത്ത് അറിവിന്റെ ആകാശങ്ങളിലേക്ക് വിദ്യാർത്ഥി മനസ്സുകളെ ഉയർത്തുവാൻ സെന്റ് ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ വിദ്യാലയത്തിൽ പ്രതിഭാതരംഗ് 2 k 21 സംഘടിപ്പിച്ചു.ഗണിത-ശസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ ഐടി മേള എന്നിവ കുട്ടികൾക്ക് വേറിട്ട ഒരനുഭവമായി മാറി.വിദ്യാലയത്തിലെ കുട്ടി ശാസ്ത്രജ്ഞൻ ബെൻ ഷിബുവിന്റെ ഓട്ടോമാറ്റിക് ഡസ്റ്റ് ബിൻ, ഫയർ അലാം, ഡിസ്പെൻസർ എന്നിവ പ്രദർശിപ്പിച്ചു .

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

അക്വാഫോണിക്സ്

വിദ്യാർത്ഥികളെ നൂതന കൃഷി രീതി പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിൽ അക്വാഫോണിക്സ് എന്ന പദ്ധതിക്ക് തുടക്കമിട്ടു.

വിളവെടുപ്പ് :

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

യൂണിഫോം ചലഞ്ച്

കോവിഡ് മഹാമാരി മൂലം ദുരിതം അനുഭവിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി യൂണിഫോം ചലഞ്ച് സംഘടിപ്പിച്ചു. പുതുതായി വാങ്ങി ഉപയോഗിച്ചതും, നല്ലതുമായ നൂറിലേറെ യൂണിഫോമുകൾ ഇതുവഴി ശേഖരിക്കാൻ കഴിഞ്ഞു.

സർഗം 2K21

യുവ പ്രതിഭകളെ വാർത്തെടുക്കുന്ന സർഗം 2K21 സ്കൂൾ തല യൂത്ത് ഫെസ്റ്റിവൽ ഓഗസ്റ്റ് 26,27 തീയതികളിൽ നടന്നു... ലളിതഗാനം, മോഹിനിയാട്ടം, പെൻസിൽ ഡ്രോയിങ് എന്നിങ്ങനെ ഇരുപത്തിലധികം മത്സരങ്ങൾ സംഘടിപ്പിച്ചു. കുട്ടികൾക്ക് ഓൺലൈനായി കാണാനുള്ള അവസരം നൽകി.

കർഷക ദിനാചാരണം

വിദ്യാലയത്തിൽ കർഷക ദിനാചാരണം പരിപാടികൾ സംഘടിപ്പിച്ചു മികച്ച കർഷക കുടുംബത്തെ തെരഞ്ഞെടുത്തു. വിദ്യാർത്തിയായ എയ്ഞ്ചൽ ജോർജിന്റെ കുടുംബത്തെ ആണ് ഇതിനായി തിരഞ്ഞെടുത്തത്.

ജോസഫൈൻ.കോം

പരിസ്ഥിതി ദിനം

വിദ്യാലയത്തിൽ പരിസ്ഥിതി ദിനം ആചാരിച്ചു.'മരം ഒരു വരം 'എന്ന ആപ്തവാക്യം സ്വീകരിച്ച് വിദ്യാർഥികൾ വീടുകളിൽ വൃക്ഷത്തൈകൾ നട്ടു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

"കൊറോണ'-ഇവനാര്?

കൊറോണ എന്നത് വെറുമൊരു മൂന്നക്ഷരമല്ലല്ലോ....
ഉറ്റവരെ അടർത്തിമാറ്റുന്ന ക്രൂരനത്രേ.....
ഉറ്റവരുടെ വേർപാടിൻ മരണമണികൾ മുഴങ്ങിയപ്പോൾ,
എൻ ഹൃത്തിലൂടെ ഒരു വേപഥു കടന്നുപോയി.
അവസാനമായി ഒരു കാഴ്ച.....
അതുപോലും എനിക്കായില്ല.

'ലോക്ക്' വെറുമൊരു വാക്കല്ല
മരണത്തിലേക്ക് നീളുന്ന മനുഷ്യജീവനെ
പൊതിഞ്ഞു കാക്കാൻ കാലമെന്ന കൊല്ലൻ
പണിതീർത്ത ആമാട-പൂട്ടത്രേ.....
കാലം കഴിയുന്തോറും പിടിമുറുക്കുന്ന
കൊറോണയെ കാണുമ്പോൾ ഞാൻ,
ചിലപ്പോഴൊക്കെ കരുതുന്നു ഇവനൊരു ചിരഞ്ജീവിയാണെന്ന്.

പ്രിയ സഹപാഠിയോട് ഞാൻ അർഥിക്കുകയാണ്,
എന്റെ ചിരിയും നമ്മുടെ സൗഹൃദത്തിന്റെ ആഴവും
കാലം നിർവചിച്ചു വച്ച എൻസൈക്ലോപീഡിയയായി
നീ എന്നും കൂടെ കരുതണം.
ഒരുപക്ഷേ, ഇനിയൊരിക്കൽ നമ്മുടെ സമാഗമം പരസ്പരം അറിയാതെ
പോയെങ്കിലോ.
'നിരാശ' എന്ന മൂന്നക്ഷരത്തെ
' പ്രതീക്ഷ' എന്ന മൂന്നക്ഷരത്താൽ അകറ്റിടേണം.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

അകക്കണ്ണുകൾ തുറന്ന് ജീവിതത്തെ നോക്കികാണേണം.
ഇക്കാലവും കടന്നുപോകും,
'കൊറോണ'യുടെ ക്രൂരിരുൾ നീങ്ങിടും.
നല്ലൊരു നാളെ ഉദിച്ചുയരും.

മാനവകുലത്തിനായി ഒന്നിച്ചീടാം,
ഡിജിറ്റലായി കൂടാം.
ഇവനെ എന്നും തുരത്തീടാം,
ജീവിതത്തിൽ ഉദിച്ചുയരാം.....

അനിത ഡേവിസ്, 8

ജോസഫൈൻ.കോം

വായന വാരാഘോഷം

വിദ്യാലയത്തിൽ വായന വാരാചരണ പരിപാടികൾ സംഘടിപ്പിച്ചു. പുസ്തകാസ്വാദനം, ഗദ്യാവയന, വാർത്താവായന, കഥ വിസ്മയം -101, കഥകളുടെ ഡിജിറ്റൽ അവതരണം എന്നിങ്ങനെ വിത്യസ്ത വായന വിഭവങ്ങൾ വിദ്യാലയത്തിന്റെ യു ട്യൂബ് ചാനലിലൂടെ കുട്ടികൾ ആസ്വദിച്ചു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

"കൂടൊരുക്കാം .... കൂട്ടുകാരികൾക്ക് "

സെന്റ് ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങലിലെ വിദ്യാർത്ഥികൾ *സഹപാഠിക്കൊരു സ്നേഹവീട്* എന്ന സംരംഭത്തിന് 2021 ക്രിസ്തുമസ് കാലത്ത്ആരംഭം കുറിച്ചു.മഹത്തായ ഈ ഉദ്യമത്തിൽ പങ്കുചേർന്ന്, കൂട്ടുകാരികൾക്കൊരു സ്നേഹത്തണൽ ഒരുക്കുവാൻ ഒന്നിച്ച് കൈകോർത്തു.

The nature is really elegant

We all are living in a beautiful world full of nature's beauty. What makes the nature beautiful ? Not only the plants but the greenery also makes the nature beautiful. All the living or non living are a part of the beauty of nature. It is an endless source of joy. Sunrise, its a fantastic scene of nature. Sunset, moon, Deep and dark forest, chirping of birds in trees, blooming flowers, mountains, waterfalls, Rainbow these beauties of nature soothe our eyes. The relation between man and nature is integral and inseparable. Every member of a living world obtains its life by the support of nature. "If you truly love nature you will find beauty everywhere ". Those words are said by Vincent Van Gogh. ‘Remember nature is a lovely creation of God.’

Fathima Jezeera Nasar, 9

ജോസഫൈൻ.കോം

COVID MEMMORIES

Most memorable days that I spent full time with my parents..... Covid is a pandemic , also dangerous situation. Many people suffer from this virus . But in my life it was the most memorable days.... also with some sufferings. I played with my parents , my grandparents and with my sister . My parents are so busy with their works. My mother is a housewife and she becomes tired after all her works , so I cant spend time with her. This is the second time that I got virus. 1st time it was during 'christmas days', and also during my exam time. I was so worried because I got severe headache and cough. But I got nice marks in all my exams. I became a God-fearing

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

girl due to this illness. I prayed to Jesus to make everyone well .I prayed a lot during that time.
I played Badminton , chess , playing cards , football etc. with my parents. We together tried some new dishes that we never had cooked before, like: Porota , Noodles , many varieties of bajjies and some simple dishes and that days gone .....New corona virus reached our home. Both time, we got virus from my grandpa. First was during election and christmas.
He did not wear his mask properly because he became old and he couldn’t breath well. In the second time it became very dangerous . My sister had severe cough during day and night .Due to my parents' love and care we were able to escape from covid. I wish that it should never come again in our world. For that we also need to try. 'Take vaccine , Stay home, Stay safe'

Adeena shyju , 9

ലിറ്റിൽ കൈറ്റ്സ്

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. 10th &9th ലെ എൺപതോളം കുട്ടികൾ അംഗങ്ങളായ ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ ഗ്രാഫിക്സ്& അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, മലയാളം കമ്പൂട്ടിങ് തുടങ്ങിയ വിവിധ മേഖലകളിൽ കുട്ടികൾക്ക് യൂണിറ്റ് തല പരിശീലനം നടത്തുന്നു. ജനുവരി 20 ന് 2020-2023 ബാച്ചിന്റെ യൂണിറ്റ് തല ക്യാമ്പ് സംഘടിപ്പിച്ചു.

വനിതാദിനം

പ്രസിദ്ധരായ മഹിള രത്നങ്ങൾക്ക് ജീവനും ചൈതന്യവും പകർന്ന് സെന്റ് ജോസഫ്സ് ജി.എച്ച് ചെങ്ങൽ വിദ്യാലയത്തിൽ വനിതാ ദിനം ആഘോഷിച്ചു. സ്ത്രീ ശക്തി കവിതാലപനം, സംഘനൃത്തം, പ്രസംഗം എന്നിവ സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് സി പ്രീമ ജോസ് . സ്കൂൾ ലീഡർ നെസ്ലഹ, എയ്ഞ്ചൽ ജോർജ്ജ് എന്നിവ പ്രസംഗിച്ചു

ജോസഫൈൻ.കോം

BIOLOGY QUIZ

1: What is the name of the process used by plants to convert sunlight into food?

- **Photosynthesis**

2 : The process of pasteurization is named after which famous French microbiologist?

- **Louis Pasteur**

3 : Can frogs live in salt water?

- **No**

4 : The death of every member of a particular species is known as what?

- **Extinction**

5 : A person who studies biology is known as a?

- **Biologist**

6 : A single piece of coiled DNA is known as a?

- **Chromosome**

7 : The area of biology devoted to the study of fungi is known as?

- **Mycology**

8 : True or false? The common cold is caused by a virus.

- **True**

9 : What is the name of the biggest part of the human brain?

- **The cerebrum**

10 : The shape of DNA is known as?

- A double helix

11 : The bones that make up your spine are called what?

- Vertebrae

12 : What substance are nails made of?

- Keratin

13 : The outside layer of skin on the human body is called the?

- Epidermis

14 : Another name for your voice box is the?

- Larynx

15 : True or false? Your ears are important when it comes to staying balanced.

- True

COVID – 19 (A FUN FACT)

A powerful demon who covered all faces,
the scary dream who covered all places.

It's the nightmare who ended up all joys,
it's the little one who kills;with its speedy spreading love.

Here is the handsome guy with masks,
here is the little one with tasks.

We can't see it, but it can kill us,
with its all three scary forms.

Here is the pretty girl with lipsticks,
here is the guard with thick sticks.

We didn't invite it;
but it divided us.

There comes the fearsome warriors;each holding the code S.M.S.

We can't give them a salute, because its respect what they deserve.

Now we have the vaccines,
who came to cure our illness.

Its the powerful weapon ; who kills the powerful demon.

Nahla fathima , 9

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

INTRESTING FACTS !!

Geophysicists call this the planet's "hum"—a constant buzz that only seismometers sensitive to long periods (like SEIS) can hear.Constantly flowing around the planet, the Martian air excites the planet, making it vibrate like a bell at precise frequencies.

-KL Dorothy
9

വീടരങ്ങ്

സ്വന്തം ജീവിതം സ്വന്തം ഭാഷയിലെഴുതി മലയാള ഭാഷയിലെ സുൽത്താനായി മാറിയ അതുല പ്രതിഭയായ വൈക്ക് മുഹമ്മദ് ബഷീറി ർ. ബഷീർ ദിനത്തിൽ ചെങ്ങൽ സെന്റ് ജോസഫസ് വിദ്യാലയത്തിൽ " വീട്ടരങ്ങ് ഓൺലൈനായി "സംഘടിപ്പിച്ചു. ബഷീറിന്റെ കഥാപാത്രങ്ങൾക്ക് വിദ്യാർത്ഥികളും അവരുടെ കുടുംബാംഗങ്ങളും ജീവൻ പകർന്നു. പാത്തുമ്മയുടെ ആട്, പൂവമ്പഴം ,മതിലുകൾ , പ്രേമലേഖനം തുടങ്ങിയ ബഷീറിന്റെ കൃതികളിലെ കഥാപാത്രങ്ങളെയാണ് കുട്ടികൾ ദൃശ്യാവിഷ്കരിച്ചത്.



ജോസഫൈൻ.കോം

ജോസഫൈൻ.കോം

സാഹിത്യോത്സവ് 2 k 21

സെന്റ് ജോസഫ്സ് വിദ്യാലയത്തിലെ സാഹിത്യോത്സവ് 2 k 21 2021 ഓഗസ്റ്റ് 6 ഓൺലൈൻ ആയി നടത്തപ്പെട്ടു. നമ്മുടെ പൂർവ്വ വിദ്യാർത്ഥിയുംമഴവിൽ മനോരമ സൂപ്പർ 4 സീസൺ 2 മത്സരാർത്ഥിയുമായ ജൂലിയറ്റ് വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

ഇന്ത്യയുടെ വാനമ്പാടിക്ക് വിട...

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

വാർഷികാഘോഷം.... യാത്രയയപ്പ്

.

വിദ്യാലയ മുത്തശ്ശിയുടെ 111-ാ മത് വാർഷികാഘോഷവും ബേബി ടീച്ചറിന്റെ യാത്രയയപ്പ് സമ്മേളനവും 12/3/2022 തിയ്യതി നടന്നു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

ജൂനിയർ റെഡ്ക്രോസ്സ്

സ്നേഹത്തിന്റെയും സേവനത്തിന്റെയും മഹത്വം ബാലമനസുകളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ ആരംഭിച്ച സംഘടനയാണ് ജൂനിയർ റെഡ് ക്രോസ്സ്. 8,9,10 ക്ലാസ്സുകളിലായി 140 കുട്ടികളോളം ഇ സംഘട്ടനയിൽ പ്രവർത്തിച്ചു വരുന്നു. ആതുരസേവനം, ഫസ്റ്റ് എയ്ഡ്, ട്രാഫിക് നിയമം തുടങ്ങിയവയാണ് പ്രവർത്തനമേഖലകൾ.

ജോസഫൈൻ.കോം

ഗൈഡ്സ്

പൗരബോധവും രാഷ്ട്രീയ ആദർശങ്ങളും നെഞ്ചിലേറ്റി കൊണ്ട് സുസജ്ജമായി നില്ക്കുന്ന സന്നദ്ധ പോരാളി RC കളാണ് ഗൈഡ്സ്..6 class മുതൽ 10 class വരെയുള്ള കുട്ടികളാണ് ഇതിൽ പ്രവർത്തിക്കുന്നത്. പ്രതികൂല സാഹചര്യങ്ങളെ ആർജ്ജവത്തോടെ നേരിടുവാനും, നേതൃത്വപാടവം വളർത്താനും രാഷ്ട്ര നിർമ്മിതിയ്ക്ക വേണ്ടിയുള്ള സേവനങ്ങൾ കാഴ്ചവയ്ക്കാനും ഈ സംഘടനയിലൂടെ കുട്ടികൾ പ്രാപ്തരാകുന്നു. വളരെ നല്ല രീതിയിൽ നമ്മുടെ ഗൈഡ്സ് വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

വിചിത്രം മലയാളികൾക്കു മലയാളം

മാതൃഭാഷ ഇന്ന് മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ ഭാഷ ചരമമടയുകയാണ്. പർവ്വതം എന്ന് അർത്ഥം വരുന്ന മല എന്ന വാക്കും പ്രദേശം എന്ന് അർത്ഥമുള്ള ആലം എന്ന രണ്ട് വാക്കുകൾ കൂടിച്ചേർന്നാണ് മലയാളം എന്ന വാക്ക് രൂപം കൊണ്ടത്.കുന്നും കുഴിയും ചേർന്ന കേരളത്തിന്റെ ഭൂപ്രകൃതിയെ ഓർമിപ്പിക്കുന്നതാണ് കുന്നും കുഴിയും എന്നർത്ഥമുള്ള മലയാളം.ആ മലയാളം നമ്മുടെ അഭിമാനം ആണ്. നമ്മുടെ സംസ്കാരമാണ്. അതിനെ നിഷേധിക്കാൻ ,ചവിട്ടി താഴ്ത്താൻ ആർക്കുംതന്നെ അവകാശമില്ല .

ചിന്തയുടെ മാധ്യമമാണ് ഭാഷ ,വിദ്യാഭ്യാസത്തിന്റെ മാധ്യമം ഭാഷതന്നെ . പക്ഷേ ഇന്നത്തെ സമൂഹം മലയാളം എനിക്ക് അറിയില്ല എന്നത് ഗമയായികരുതുന്നു .
വാസ്തവമെന്തെന്നാൽ,മലയാളം അറിയാത്ത മലയാളി മലയാള കരക്ക് തന്നെ അപമാനമാണ്.'ആറു മലയാളിക്ക് നൂറു മലയാളം അര മലയാളിക്ക് ഒരു മലയാളി ഒരു മലയാളിക്കും മലയാളമില്ല ' എന്ന കുഞ്ഞുണ്ണി മാഷിന്റെ വരികൾ പോലെ ഇന്ന് മലയാളിക്ക് മലയാളമില്ല . ഇനിയുള്ള തലമുറക്ക് മലയാളം ഒരു കേട്ടുകേൾവി മാത്രമായി തീരുമോ എന്ന് തന്നെ സംശയമാണ്.ജീവിതരീതികളുംസാഹചര്യങ്ങളുമാണ് മലയാളത്തെ അവഗണിക്കാനും മറക്കുവാനും ഇടയാക്കിയത്.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

പുതുതലമുറയിലെ ജനത അന്യഭാഷകളുടെ അടിമകളാണ്. ചിലർ ഇപ്പോഴും 'യജമാനന്റെ ഭാഷ' ഉപേക്ഷിക്കുന്ന മട്ടില്ല .
അമ്മിഞ്ഞ പാലോടൊപ്പം അമ്മയിൽനിന്നും വശമാക്കുന്ന മാതൃഭാഷയോളംഒരാൾക്കും ആശയവിനിമയത്തിനു പറ്റിയ ഭാഷ മറ്റൊന്നില്ല .ഏതു സാങ്കേതിക വിദ്യയുടെ ചുവട്ടിൽ കിടന്നാലും മലയാളഭാഷയെയും സംസ്കാരത്തെയുംമറ്റും മറക്കുന്നത് പെറ്റമ്മയെ മറക്കുന്നതിന് തുല്യമാണ് . ഇന്നത്തെ അവസ്ഥ തികച്ചും ദുഃഖകരമാണ് .മലയാള സാഹിത്യവും പവിത്രതയും മനസ്സിലാക്കാൻ നമ്മൾ ശ്രമിക്കുന്നില്ല.
യഥാർത്ഥത്തിൽ നമ്മൾ ഇംഗ്ലീഷ് സംസാരിക്കാൻ പഠിക്കണം, എന്നാൽ ആരും ഭാഷയുടെ അടിമകളാകരുത്."ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി "എന്ന ആപ്തവാക്യം അനുസരിച്ച് പിറന്ന മണ്ണിനും നാം പ്രാധാന്യം കല്പിക്കുന്നത് പോലെ മാതൃഭാഷയ്ക്കും അർഹമായ സ്ഥാനം നൽകേണ്ടതുണ്ട്.
നമ്മുടെ ഭാഷ അങ്ങനെ ആർക്കും വഴിമാറി കൊടുക്കേണ്ടത് അല്ല പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് വളർച്ചയുടെ പുതിയ പടികൾ കടന്ന് നമ്മുടെ മലയാളം മുന്നേറുമെന്ന് നമുക്ക് പ്രത്യാശിക്കാം....
ഈ ഡിജിറ്റൽ കാലത്തും മാതൃഭാഷയുടെ വിശുദ്ധി കാത്തു സൂക്ഷിക്കണമെന്ന് സന്ദേശം എന്നും ഓർമ്മയിൽ തെളിയട്ടെ.....

നസ്ലൂഹ വി.എ, 9

ജോസഫൈൻ.കോം

ആഷ്ന വേണു,9

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

കരിമഷി

ഷൈജി ജോസഫ്
അദ്ധ്യാപിക

അന്ധരാണു നമ്മൾ ....
കാഴ്ചകൾ മറക്കുന്ന അന്ധർ.
ബധിരരാണു നമ്മൾ ....
ശ്രവണമില്ലെന്നു നടിക്കുന്ന ബധിരർ.
ചുറ്റിപറക്കും ഈയാ പാറ്റ പോൽ
വട്ടംതിരിയും കരിന്തിരി കാലം.
വാനിന്റെ മാറിൽ കരിമഷി പടർത്തും
കളിവിളയാട്ടമാടുന്ന കാലം.
സ്വർണ്ണം വിതറി സ്വപ്നം നെയ്യും
ദാഹം തീർക്കുന്ന പെരുമ്പറ കാലം.
നാരി, അമ്മ, പെങ്ങൾ മൂന്ന് കല്ലിന്റെ അടുപ്പിനുള്ളിൽ കുത്തരി ചോറു തിളച്ചിടുമ്പോൾ
കാമവെറി പൂണ്ട കാപലകർ .....
ജിഷയുംഛത്രയും നിർഭയയും
മുത്തശ്ശി കഥകളായ് മാറിടുമ്പോൾ,
ഉത്രയും വിസ്മയ സീതമാരങ്ങനെ
ലക്ഷ്മണ രേഖയിൽ കുരുങ്ങിടുമ്പോൾ ചിരിക്കുന്നുഫ്രെയിമിലെ ചില്ലിട്ട കൂട്ടിനുള്ളിൽ,
മാധ്യമ വിചാരത്തിന്റെ തുക്കുത്രാസിൻ
ശ്വാസം നില്ക്കും പദനിസ്വനങ്ങൾ.
കെട്ടഴിച്ചെത്തുന്ന "ഇതിഹാസ ഗാന്ധാരി "
പുനർജന്മം തേടുന്ന അഹല്യമാരും.
പുരാണ കഥയിലെ രക്ഷാമന്ത്രങ്ങൾ
കോമാളിയാക്കുന്ന പുതുലോകമേ..
കാക്കുക അവൾതൻ മാനം
കുപ്പിവളപ്പോൽ ചിതറാതിരിക്കട്ടെ സ്വപ്നങ്ങൾ...
ദേവിയായവളാണു " സ്വത്ത്" നാരിതൻ
കുലുങ്ങുന്ന ചിരിയിൽ ഭ്രാന്ത ജല്പനങ്ങൾ പെരുമഴയായ്...
അവളില്ലെങ്കിൽ " നീ " യില്ല ,നിങ്ങളില്ല.
നിറമില്ലാത്തൊരു ലോകം ഉയർത്തുകയാണു വീണ്ടും
കൂട്ടിലിട്ടകിളിയാകും നീ.
ചിറകറ്റു പോകും നിന്റെ നിഴലുകൾ ....

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

INTERESTING FACTS ABOUT ANIMALS

- **Hummingbirds are the only birds that can fly backwards.**
- **Crocodiles cannot stick their tongue out.**
- **Starfish do not have a brain.**
- **Slugs have 4 noses.**
- **Only female mosquitoes bite.**
- **Polar bear skin is black!**
- **The only mammal capable of flight is the bat.**

- **Frogs have ear drums on the outside of their heads.**
- **Sea otters always float on their backs when they eat.**
- **Polar bears look white, but they actually have black skin.**
- **Snakes always keep their eyes open, even when they are asleep.**
- **Crickets have ears on their front legs.**

ജോസഫൈൻ.കോം

ലോക ഓസോൺ ദിനം

വിദ്യാലയത്തിൽ സെപ്റ്റംബർ 16 ന് ലോക ഓസോൺ ദിനം ഓൺലൈനായി ആചാരിച്ചു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

അദ്ധ്യാപക ദിനം

മികച്ച പണ്ഡിതനും അദ്ധ്യാപകനുമായിരുന്ന ഡോക്ടർ സർവേപ്പിള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5 സ്കൂളിൽ ഓൺലൈനായി അധ്യാപക ദിനമായി ആചരിച്ചു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

മധുര സ്മരണകൾ

പുത്തനുടുപ്പും പുസ്തക സഞ്ചിയുമായി വിദ്യാലയ വാതിൽ ചവിട്ടുന്ന ഏതൊരു വിദ്യാർത്ഥിയുടെയും മനസ്സിന്റെ അകത്തളങ്ങളിൽ പുത്തൻ ലിപി കൊണ്ട് എഴുതുന്ന ഒരു അധ്യായമാണ് വിദ്യാലയ ജീവിതം. വർണ്ണശബളമായ പൂക്കളെ പോലെ പോലെ പാറി നടക്കുന്ന ബാല്യ കൗമാരങ്ങളിൽ അറിവിന്റെ വെള്ളിവെളിച്ചം പകർന്നുതരുന്ന അധ്യാപകരെയും അനധ്യാപകരെയും മും നന്ദിയോടെ ഓർക്കുന്നു. ജാതിമതഭേദം എന്നെ എല്ലാവരോടും സ്നേഹം പകിടുന്ന ഓർമ്മകൾ ജീവിതപാതയിൽ നമുക്ക് പ്രകാശം നൽകട്ടെ. മൂല്യങ്ങളുടെ യുടെ വിളനിലമായ എന്റെ വിദ്യാലയത്തിൽ നിന്ന്

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

അച്ചടക്കം, അനുസരണം, എളിമ, സഹോദര്യം എന്നിവ അഭ്യസിക്കുവാൻ നമ്മുടെ സ്കൂൾ നമ്മെ സഹായിക്കുന്നു. ഓരോ വിദ്യാർത്ഥിയെയും ദൈവത്തിലേക്ക് അടുപ്പിക്കാനും പ്രത്യാശയിൽ മുന്നോറാനും സഹചര്യമൊരുക്കുന്ന ധ്യാനങ്ങളും ബോധവൽക്കരണ ക്ലാസുകളും നമ്മുടെ മുതൽക്കൂട്ടാണ്. നമ്മുടെ സർഗ്ഗാത്മകവും കലാപരവുമായ കഴിവുകൾ വളർത്തിയെടുക്കുന്നതിനും മികവ് തെളിയിക്കുന്നതിനും അക്ഷീണം പ്രയത്നിച്ച അദ്ധ്യാപകരെ നന്ദിയോടെ ഓർക്കുന്നു. മാനസിക ഉല്ലാസത്തിന് ആയുള്ള വിനോദയാത്രകൾ ഓർമ്മകളിൽ തുടംപിടിക്കുന്നു. "എന്റെ വിദ്യാലയം ഏറ്റവും മഹത്തരം എൻ ജീവിതപാതയിൽ"

ഐറിൻ ജോയ്, 10

ജോസഫൈൻ.കോം

യോഗ ദിനം

ഭാരതത്തിന്റെ പൗരാണിക പാരമ്പര്യത്തിന്റെ വിലമതിക്കാനാകാത്ത സംഭവനയാണ് യോഗ. ജൂൺ 21 ന് സെന്റ് ജോസഫ്സ് വിദ്യാലയത്തിൽ യോഗ ദിനം ഓൺലൈനായി ആചാരിച്ചു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ജോസഫൈൻ.കോം

സ്വാതന്ത്ര്യ ദിനം

ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെയും, 1947-ൽ ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായതിന്റെയും ഓർമ്മക്കായി എല്ലാ വർഷവും ആഗസ്റ്റ് 15-ന് ഇന്ത്യയിൽ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നു.

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

ഓണം...

ലോകത്തിന്റെ നാനാ ഭാഗത്തുമുള്ള മലയാളികൾ ജാതിമതഭേദമന്യേ ആഘോഷിക്കുന്ന ദേശീയ ഉത്സവമാണ് ഓണം. സെന്റ് ജോസഫ്സ് വിദ്യാലയത്തിലെ ഓണാഘോഷം ഓൺലൈനായി നടന്നു...

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

•••കടലാസ്സു പൂവുകൾ ••

കടലാസ്സുപൂക്കൾ വിരിഞ്ഞു
നിൽക്കുന്നൊരീ ഇടവഴിയിലൂടെ
ഒരു നേർത്ത നിസ്വനം പോൽ
തലോടിയകലുന്ന ചുടു കാറ്റിൽ
ആരുടെയൊക്കെയോ ദീർഘ
നിശ്വാസങ്ങളും മാഞ്ഞു
പോയിരിക്കാം...

മരണം മണക്കുന്നൊരീ
പാതയോരത്തെ
മണൽ തരികൾക്കും നിസ്സംഗ ഭാവം...
അദൃശ്യമായൊരു കൊലയാളി
കാത്തു നിൽക്കുന്നു വെന്ന്
ആരോ മെല്ലെ പറയുമ്പോൾ
എങ്ങും നിഴലിക്കും നിശബ്ദത
മാത്രം ബാക്കിയായി ...

അനുഭവങ്ങൾ മരവിപ്പിച്ച
മനസ്സുമായ് പ്രവാസഭൂമിയിൽ
തനിയെ നടന്നു നീങ്ങുന്നവർ ...
മരുഭൂമിതൻ പോക്കുവെയിലേറ്റു
വാടാത്ത കടലാസ്സു പൂവുകൾ....

പ്രവാസം പേറുന്ന മാറാപ്പുമായ്
വിധിയുടെ ഭാവ ഭേതങ്ങളിൽ
പൊരുതാനുറച്ച ധീര യോദ്ധാക്കൾ
പ്രവാസികൾ ...
പതുങ്ങി നിന്നാക്രമിക്കാൻ
കൊലയാളിയായ് കൊറോണ
എന്ന ശത്രു ആവനാഴിയിൽ
അമ്പു നിറച്ചു കാത്തിരുന്നാലും
തോൽപ്പിക്കാനാകില്ല ആർക്കും
അവർ തൻ മനഃസാന്നിധ്യത്തെ ...

യുദ്ധം ജയിച്ച കടലാസ്സു പൂക്കൾ
വീണ്ടും തളിർക്കാൻ തുടങ്ങവേ ...
മരുഭൂമിയിലും പ്രതീക്ഷയുടെ
ചാറ്റൽ മഴ പെയ്തിറങ്ങുന്നു .....💦
💦

യാത്രാമൊഴി....

ഗണിതത്തിൻ മാധുര്യം പകർന്നേകി
അണയാത്ത ദീപമായി
ശിക്ഷ്യർതൻ ഹൃത്തിൽ പൊൻ പ്രഭ
ചൊരിയും
ബേബി ടീച്ചർക്ക് സ്നേഹത്തിൽ പൊതിഞ്ഞ
യാത്രാമൊഴി...

ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച് ചെങ്ങൽ സെന്റ് ജോസഫ്സ് വിദ്യാലയത്തിലെ അഭിമാന താരം

അലീന ബേബിയ്ക്ക് അഭിനന്ദനങ്ങൾ

St Joseph's GHS Chengal

പ്രതിഭാ ക്വിസ്

എറണാകുളം ജില്ലയിൽ
1st ഉം സംസ്ഥാന
തലത്തിൽ **5th**
സ്ഥാനവും
കരസ്ഥമാക്കിയ
ഐശ്വര്യ എം നായർക്ക്

അഭിനന്ദനങ്ങൾ

St Joseph's GHS Chengal

വിദ്യാരംഗം ആലുവ ഉപജില്ല സർഗോത്സവം HS

1stനെസ്ലഹ വി.എ
നവം.1 പ്രബന്ധം

1st ലക്ഷ്മി പ്രദീപ്
കഥാരചന

1st അൽക്ക ബിനു
കവിതാ രചന

2nd അദീന ഷൈജു
കാവ്യാലാപനം

2nd ആഷ്ന വേണു
ചിത്രരചന

2ndലക്ഷ്മി പാർവ്വതി
പുസ്തകാസ്വാദനം

3rd ആൻ മരിയ ജോണി
അഭിനയം

3rd ജിനു ജോസ്
നാടൻ പാട്ട്

2021

അഭിനന്ദനങ്ങൾ

ST JOSEPH'S.
GHS CHENGAL

എറണാകുളം
റവന്യൂ ജില്ലാ
സർഗ്ഗോത്സവത്തിൽ
അഭിനയത്തിന്
ഒന്നാം സ്ഥാനം
കരസ്ഥമാക്കിയ
കീർത്തനസജി

അഭിനന്ദനങ്ങൾ

St.Joseph's GHS Chengal

മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ.സി. പ്രഭ തെരേസ്

അനുമോദന യോഗം
14/3/2022,11A.M

അഭിനന്ദനങ്ങൾ

FATHER OF THE NATION

“Happiness is when what you think ,what you say and what you do are in harmony”

“Its easy to stand in crowd but it takes courage to stand alone”

“The future depends on what we do in the present”

~ Gandhiji

ജോസഫൈൻ.കോം

കൃതജ്ഞത

വിദ്യയുടെ വർണ്ണങ്ങൾ നിറഞ്ഞ ലോകത്തേക്ക് അക്ഷരങ്ങളാകുന്ന ചവിട്ടു പടിയിലൂടെ ഗുരുക്കന്മാരുടെ കൈ പിടിച്ചു നടന്നു കയറുന്ന നമ്മൾ ഓരോരുത്തരും ലക്ഷ്യങ്ങളിലേക്ക് ഉയർന്നു പറക്കുന്ന വാനമ്പാടികൾ ആണ്. നമ്മളിലെ സർഗ്ഗാത്മകൾ വളർത്തിക്കൊണ്ട് വരുക എന്നതും,അവയെ പുറം ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കുക എന്നതും ആണ് ഒരു മാഗസിൻ കൊണ്ട് ഉദ്ദേശിക്കുന്നത്... കലയുടെ വിസ്മയങ്ങളായി നമ്മിലെ സർഗ്ഗ വാസനകൾ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കാനുള്ള വിവിധങ്ങളായ് അവസരങ്ങൾ നമുക്ക് മുൻപിൽ ഉണ്ട് എങ്കിലും സ്കൂൾ മാഗസിനിലൂടെ വളർന്നുവരുന്ന നമ്മിലെ കലാവാസനകൾ ഈ ചെറു പ്രായത്തിൽ തന്നെ മറ്റുള്ളവരുടെ മുമ്പിൽ എത്തിക്കാനുള്ള അവസരമായി മാറുന്നു.വിദ്യാലയത്തിന് അകത്തുനിന്നും കിട്ടുന്ന പ്രചോദനമാണ് ഭാവിയിൽ നമ്മളെ കലാകാരന്മാരെയും കലാകാരിയും ഉന്നതങ്ങളിൽ എത്തിക്കുന്നത് എന്നാണ് എന്റെ വിശ്വാസം.അതിനുള്ള ഒരു ചവിട്ടുപടി ആകട്ടെ നമ്മുടെ ഈ ചെറിയ മാഗസിൻ. നമ്മൾ എല്ലാവരും നാളെയുടെ വാഗ്ദാനങ്ങൾ ആണെന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട്,നമ്മളാൽ കഴിയും വിധം സഹജീവികളോട് കരുണയും സ്നേഹവും ഉള്ള ഒരു പുതു തലമുറയായ് നമുക്ക് വളരാൻ സർവേശ്വരൻ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

ലിറ്റിൽ കൈറ്റ്സ്

സെന്റ്. ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ

Thank you!